(സി) എങ്കിൽ ദിവസേന എത്തിച്ചേരുന്ന മുഴുവൻ പേരുടേയും എച്ച്.ആർ.ഡി. അറ്റസ്റ്റേഷൻ നടത്തുവാൻ വേണ്ട സംവിധാനം ഏർപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ?

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ):

(എ, ബി) ഉണ്ട്. യു.എ.ഇ. തുടങ്ങിയ ഗൾഫ് രാജ്യങ്ങളിൽ പോകുന്ന ഉദ്യോഗാർത്ഥികൾ തങ്ങളുടെ വിദ്യാഭ്യാസ യോഗ്യതാ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തി ലഭിക്കുന്നതിന് നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് മുഖ്യമന്ത്രിയും നോർക്ക വകുപ്പ് മന്ത്രിയും കേന്ദ്ര മാനവവിഭവശേഷി വികസന മന്ത്രാലയത്തിന്റെയും വിദേശകാര്യ മന്ത്രാലയത്തിന്റെയും ഓരോ സെല്ലുകൾ കേരളത്തിൽ ആരംഭിക്കുന്നതിന് നിരവധി നിവേദനങ്ങൾ മുൻ കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയുണ്ടായി. നോർക്കാ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ഒരു മൂന്നംഗ മന്ത്രിതല സംഘം മുൻ പ്രധാനമന്ത്രിയെ കാണുകയും ഈ പ്രശ്നം ശ്രദ്ധയിൽപ്പെടുത്തുകയുമുണ്ടായി. ഇതിന്റെയെല്ലാം ഫലമായി കേന്ദ്ര മാനവവിഭവശേഷി വികസന മന്ത്രാലയത്തിന്റെ ഒരു പ്രാദേശിക കേന്ദ്രം നോർക്ക വകുപ്പിന്റെ ഫീൽഡ് ഏജൻസിയായി തിരുവനന്തപുരത്ത് വഴുതക്കാട് പ്രവർത്തിക്കുന്ന 'റൂട്ട്സ്-എൻ.ആർ.കെ. ഡെവലപ്മെന്റ് ഇനിഷ്യേറ്റീവി'ൽ 30-1-2004 മുതൽ പ്രവർത്തനം ആരംഭിക്കുകയുണ്ടായി. പ്രസ്തുത പ്രാദേശിക കേന്ദ്രത്തിൽ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിന് ഒരു ദിവസം 150 പേർക്ക് മാത്രമേ സൗകര്യം ലഭിക്കുകയുള്ളു. സാക്ഷ്യപ്പെടുത്തേണ്ട സർട്ടിഫിക്കറ്റുകളുടെ വിശദമായ പരിശോധനകൾക്കും മറ്റും കൂടുതൽ സമയം ആവശ്യമുള്ളതിനാൽ രാവിലെ 10 മണി മുതൽ ഉച്ചക്ക് 1.30 വരെ 150 പേരുടെ സർട്ടിഫിക്കറുകൾ മാത്രമേ ഒരു ദിവസം സ്വീകരിക്കുവാൻ കഴിയുകയുള്ളു. പ്രസ്തുത സർട്ടിഫിക്കറുകളുടെ അനുബന്ധ ജോലികൾ പൂർത്തിയാക്കുവാൻ ഉച്ചകഴിഞ്ഞുള്ള സമയം വേണ്ടിവരുന്നതിനാലാണ് ന്യൂഡൽഹിയിലെ മാനവവിഭവശേഷി വികസന മന്ത്രാലയത്തിന്റെ പ്രവർത്തന സമയം ഇവിടെയും നിഷ്ക്കർഷിച്ചിരിക്കുന്നത്.

(സി) 'റൂട്ട്സ്-എൻ.ആർ.കെ. ഡെവലപ്മെന്റ് ഇനിഷ്യേറ്റീവി'ലെ പ്രാദേശിക കേന്ദ്രത്തിൽ ദിവസേന എത്തിച്ചേരുന്ന മുഴുവൻ പേരുടെയും എച്ച്.ആർ.ഡി. അറ്റസ്റ്റേഷൻ നടത്തുന്നതിനായി കേന്ദ്ര മാനവവിഭവശേഷി വികസന മന്ത്രാലയത്തിന്റെ അനുമതി ആവശ്യമാണ്.

നിർമ്മാണ പ്രവർത്തനങ്ങൾക്ക് നേരിടുന്ന കാലതാമസം

*17 [137] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് കാലതാമസം ഉണ്ടാകുന്നത് ഒഴിവാക്കുന്നതിനായി സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിൽ ഏതെല്ലാം വൻകിട ചെറുകിട പണികളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇവയുടെ പണി എന്നാണ് ആരംഭിച്ചത്;

(ഡി) ഈ പണികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):

(എ) നടപടി സ്വീകരിച്ചിട്ടുണ്ട്. പണികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുമുണ്ട്. യഥാസമയം പൂർത്തിയാകാത്ത പദ്ധതികളുടെ കരാറുകാർക്ക് പിഴ ഈടാക്കൽ, കരാർ അവസാനിപ്പിക്കൽ എന്നീ ശിക്ഷണ നടപടികൾ സ്വീകരിക്കുകയും തന്മൂലം കരാറുകാരെക്കൊണ്ട് കാലതാമസം ഒഴിവാക്കി സമയബന്ധിതമാക്കി പണി പൂർത്തിയാക്കുവാനുള്ള നടപടി സ്വീകരിക്കുന്നു. ടി കാലതാമസം നേരിടുന്ന പണികളുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥൻമാരുടെയും കരാറുകാരുടെയും യോഗം വിളിക്കുകയും വിശദമായി ചർച്ച നടത്തി കാലതാമസം ഒഴിവാക്കുവാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ബി, സി) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

"പ്രകൃതിക്ഷോഭം മൂലം ഉണ്ടായ നാശനഷ്ടങ്ങൾ"

*18 [138] ശ്രീ. വി.കെ.സി. മമ്മത് കോയ:

,, രാജു എബ്രഹാം:

,, എ. സി. മൊയ്തീൻ:

,, കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടുത്ത കാലത്ത് പ്രകൃതിക്ഷോഭങ്ങൾ മൂലമുണ്ടായ നാശനഷ്ടങ്ങളുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ അവ വെളിപ്പെടുത്തുമോ;

(ബി) കാലവർഷക്കെടുതികളിൽ ഈ വർഷം എത്ര പേർ മരിച്ചിട്ടുണ്ട്; ഇവരുടെ കുടുംബങ്ങൾക്ക് എന്തെല്ലാം സഹായങ്ങൾ നൽകിയിട്ടുണ്ട്;

(സി) കൃഷിനാശം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) വീട് നഷ്ടപ്പെട്ടവർക്കും കൃഷി നശിച്ച കർഷകർക്കും നഷ്ട പരിഹാരം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly